"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ ആയിരുന്ന ശ്രീമതി സിജി ആന്റണിയ്ക്കെതിരായുള്ള അച്ചടക്ക നടപടി - തുടർനടപടികളിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.405/2026/AGRI തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പിന്റെ 12/05/2025 ലെ 98/ഇപിഎ1/2025-എൽഎസ്ജിഡി നമ്പർ കത്ത്
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/09/2025- ലെ ADFW/6644/2025-SD3 നമ്പർ കത്ത്
3. 24/11/2025 ലെ AGRI-EA3/42/2025-AGRI നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. ശ്രീമതി. സിജി ആന്റണി സമർപ്പിച്ച 16/12/2025 ലെ പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

ശ്രീമതി സിജി ആന്റണി എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ കൃഷി ഭവനിൽ 04.01.2006 മുതൽ 18.05.2011 വരെ കൃഷി ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ, 2009-10 വർഷത്തെ തെങ്ങ് വികസനം & വളം വിതരണം, 2010-11 വർഷത്തെ തെങ്ങ് കൃഷി വികസനം എന്നീ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡിക 3.8 & 3.4 എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട് ടിയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ലാ കാര്യാലയത്തിൽ നിന്നും നിർദ്ദേശിച്ചതിൻ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ ആയിരുന്ന ശ്രീമതി. സിജി ആന്റണിക്കെതിരെ (31/05/2024 ൽ സേവനത്തിൽ നിന്നും വിരമിച്ച കൃഷി അഡീഷണൽ ഡയറക്ടർ) വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ശുപാർശ സമർപ്പിച്ചിരുന്നു.

2. **24/07/2007** ലെ **G.O(MS.) No. 183/2007/LSGD** പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ ആവഷ്കരിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിരുന്നെങ്കിലും ഇതിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് മേൽ പദ്ധതി പ്രകാരം വളം വിതരണം മാത്രം നടത്തിയതായി കാണുന്നുവെന്നും ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസങ്ങൾ ഉന്നയിച്ചിരിക്കുന്നുവെന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ചെലവിന് സർക്കാർ സാധൂകരണം ആവശ്യമാണെന്നുമാണ് തടസ്സവാദം ഉന്നയിച്ചിരിക്കുന്നതെന്നും തെങ്ങ് കൃഷി വികസനം **S0-54./11**-പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് തെങ്ങ് കൃഷി വികസനത്തിന് **50%**- സബ്സിഡിയും വളം വിതരണത്തിന് നല്കിയിരിക്കുന്ന **24/07/2007** ലെ **G.O(MS.) No. 183/2007/LSGD** മാർഗ്ഗരേഖയിൽ വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ ആവഷ്കരിക്കുവാൻ പാടില്ല എന്നും വ്യക്തമാക്കിയിരുന്നുവെന്നും കൂടാതെ **11/07/2008**-ലെ **G.O(MS.)No. 199/08/LSGD** മാർഗരേഖ ഭേദഗതിയിൽ **50%**- സബ്സിഡി നൽകുന്നത് നാമമാത്രമായ അതായത് സ്വന്തമായി ഒരു ഹെക്ടർ ഭൂമിയിൽ താഴെയുള്ള കർഷകർക്കാണെന്നും ആയതിനാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹമായ ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ച **31,850/-** സർക്കാർ സാധൂകരണത്തിന് വിധേയമായി ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചതെന്നും ടി ഓഡിറ്റ് തടസ്സവാദത്തിനുള്ള മറുപടിയിൽ ശ്രീമതി സിജി ആന്റണി, കലൂർക്കാട് പഞ്ചായത്ത് കൃഷി ഭവൻ വളം വിതരണത്തിന് മാത്രമായി പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാല ശുപാശ ചെയ്തിരിക്കുന്ന പാക്കേജ് ഓഫ് പ്രാക്ടീസ് പ്രകാരം ഗുണഭോക്താക്കൾ സ്വന്തം നിലയിൽ തെങ്ങിന് തട, തുടർന്ന് നീറ്റുകക്ക വിതറുകയും ഇടവിള കൃഷികൾ ചെയ്യുകയും മുതലായവ ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന് ശേഷമാണ് **50%** വില കലൂർക്കാട് സഹകരണബാങ്കിൽ അടച്ച് വളം കൈപറ്റിയെതെന്നും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതെന്നും ഇതൊരു സമഗ്ര പദ്ധതിയായതിനാൽ സർക്കാർ സാധൂകരണം ആവശ്യമില്ലെന്നും തടസ്സവാദം ഒഴിവാക്കി നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നുവെന്നും വളം വിതരണത്തിനായി മാത്രമായി തെങ്ങ് കൃഷി വികസനം നടപ്പിലാക്കിയിട്ടില്ലെന്നും, സർവകലാശാലയുടെ എല്ലാ മാർഗ്ഗരേഖകളും അനുവർത്തിച്ചാണ് തെങ്ങ് കൃഷിക്കാവശ്യമായ എല്ലാ കൾച്ചറൽ പ്രാക്ടീസും നടപ്പിലാക്കിയാണ് സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതിയായി നടപ്പിലാക്കിയതെന്നും ഓഡിറ്റിൽ സൂചിപ്പിച്ചിരിക്കുന്ന മാർഗരേഖ ഭേദഗതിയിൽ പറയുന്നത് ജൈവ കീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികളും കുമ്മായവും അനുവദിക്കുന്നുള്ളുവെന്നും നാമമാത്രമായ കർഷകർക്ക് ടി പഞ്ചായത്തിൽ ബ്ലോക്ക് ലെവൽ അംഗീകരിച്ച പ്രോജക്ടുകളും പഞ്ചായത്ത് കമിറ്റിയുടെ തീരുമാനപ്രകാരമാണെന്നും അറിയിച്ചതായും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ **പരാമർശം (2)** പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. മാത്രമല്ല, **31/05/2024** ൽ സേവനത്തിൽ നിന്നും വിരമിച്ച കൃഷി അഡീഷണൽ ഡയറക്ടർ ശ്രീമതി. സിജി ആന്റണിയ്ക്ക് വകുപ്പുതല

ബാദ്ധ്യത/ബാദ്ധ്യതാരഹിത പത്രം അനുവദിയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നും ടിയാൾക്ക് DCRG ഒഴികെ മറ്റെല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട് എന്നും ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. തദ്ദേശസ്വയം ഭരണ വകുപ്പിന്റേയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടേയും ശുപാർശ പരിഗണിച്ച് എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ തെങ്ങ് വികസനം & വളം വിതരണം, 2010-11 വർഷത്തെ തെങ്ങ് കൃഷി വികസനം എന്നീ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ശ്രീമതി. സിജി ആന്റണി -ക്ക് എതിരെ കെഎസ് ആർ പാർട്ട് III ചട്ടം 59 (C) പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി **പരാമർശം (3)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയിതന്മേൽ **പരാമർശം (4)** പ്രകാരം ശ്രീമതി. സിജി ആന്റണി മറുപടി ലഭ്യമാക്കുകയുമുണ്ടായി.

4. തുടർന്ന് സർക്കാർ തലത്തിൽ ശ്രീമതി. സിജി ആന്റണിയെ 09/03/2026 -ൽ നേരിൽ കേൾക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഓഡിറ്റ് വകുപ്പിന്റെ ഭാഗത്ത് നിന്നും തുടർനടപടികൾ അവസാനിപ്പിച്ചതായും 23/12/2024 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിലെ 6(1) തീരുമാനം കണക്കിലെടുത്ത് ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്നും ഇത് സംബന്ധിച്ച് തുടർനടപടികൾ നിലനിൽക്കുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും, LSGD എറണാകുളം ജില്ല ജോയിന്റ് ഡയറക്ടറുടെ 11/02/26 ലെ LSGD/JD/EKM/2646/2025-D11 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ തനിക്കെതിരെ വ്യക്തിഗത ബാധ്യതയോ സർചാർജ് എന്നിവയോ ലോക്കൽ ഫണ്ട് വിഭാഗം നിശ്ചയിച്ചിട്ടില്ല എന്നും സർക്കാർ തലത്തിൽ സാധൂകരണം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നതിനാൽ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കണെമെന്നും ഹിയറിംഗിൽ ശ്രീമതി സിജി ആന്റണി അപേക്ഷിക്കുകയുണ്ടായി.

5. 24/07/2007 ലെ G.O(MS.) No. 183/2007/LSGD പ്രകാരം വളം വിതരണത്തിന് മാത്രമായി പദ്ധതി പാടില്ല എന്നാണെന്നും, നടപ്പിലാക്കിയ പദ്ധതി വളം വിതരണത്തിന് മാത്രമായുള്ളതല്ല എന്നും ഗുണഭോക്താക്കളായ കർഷകരുടെ വിഹിതം ഉൾപ്പെടുത്തി കാർഷിക പ്രവർത്തനങ്ങൾ ആയ കക്ക ഉപയോഗം ഇടവിള കൃഷി അടക്കം വിവധ കാർഷിക പ്രവർത്തനം സംയോജിപ്പിച്ചുള്ളതാണെന്നും ആയതിനാൽ ശ്രീമതി സിജി ആന്റണിയുടെ വിശദീകരണം അംഗീകരിക്കാമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക്കൽ ഫണ്ട് ആഡിറ്റിലെ

തടസ്സവാദങ്ങൾ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൻ പ്രകാരം ശ്രീമതി സിജി ആന്റണി പരാർമശം (4) പ്രകാരം സമർപ്പിച്ച വിശദീകരണം അംഗീകരിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ ആയിരുന്ന (കൃഷി അഡീഷണൽ ഡയറക്ടർ (റിട്ട.)) ശ്രീമതി സിജി ആന്റണിയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാളെ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി സിജി ആന്റണി, കൃഷി അഡീഷണൽ ഡയറക്ടർ (റിട്ട.) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ സഞ്ചയം/ഓഫീസ് കോപ്പി ( **AGRI-EA3/42/2025-AGRI** )

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 24-04-2026 17:11:24
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.